III. സബ്മിഷൻ

(1) ഞെളിയൻപറമ്പ് പ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലമുള്ള ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, എന്റെ മണ്ഡലത്തിൽ ചെറുവണ്ണൂർ പഞ്ചായത്തിലെ ഞെളിയൻപറമ്പിൽ കോഴിക്കോട് നഗരത്തിലെ മാലിന്യങ്ങൾ യാതൊരു ലക്കുംലഗാനുമില്ലാതെ കൊണ്ടു തള്ളുന്നതുകാരണം പരിസരത്തെ അയ്യായിരത്തിലധികം വീടുകളും, സ്കൂളുകളും, ഓർഫനേജുകളും മറ്റ് സ്ഥാപനങ്ങളും അനുഭവിക്കുന്ന ദുരിതം വിവരണാതീതമാണ്. ചണ്ടി നിക്ഷേപ കേന്ദ്രത്തിൽനിന്നും വിഷം കലർന്ന വെള്ളം ഊർന്നിറങ്ങിയതുകാരണം 300-ൽ പരം കിണറുകൾ ഉപയോഗശൂന്യമാണ്. കോർപ്പറേഷന്റെ വണ്ടിയിൽ വെള്ളം എത്തിച്ചുകൊണ്ടാണ് കുടിവെള്ളപ്രശ്നം പരിഹരിക്കുന്നത്. ബാക്കിയുള്ള കിണറുകളിലും വെള്ളം പരിശോധിച്ചതിൽ വിഷമയമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ആ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണ്. സ്ഥലവാസികൾക്ക് ഗുരുതരമായ രോഗം ബാധിക്കുന്നു. സാമൂഹ്യമായി അവർ ഒറ്റപ്പെടുകയാണ്. വിദ്യാഭ്യാസം നടക്കുന്നില്ല. മഴക്കാലമായാൽ മലിനജലം പുഴയിലേക്ക് ഒഴുകി മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു. പുഴയിൽ ജോലി ചെയ്യുന്നവർക്ക് മാരകമായ ചർമ്മരോഗം പിടിപെടുന്നു. ആ പ്രദേശത്തെ വായുവും വെള്ളവും മലിനപ്പെട്ടിരിക്കുകയാണ്. ഈ വസ്തുത സഭയിൽ ചോദ്യോത്തരങ്ങളിലൂടെയും ശ്രദ്ധ ക്ഷണിക്കലിലൂടേയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. സ്ഥലം സന്ദർശിച്ച ബഹുമാനപ്പെട്ട പരിസ്ഥിതി സമിതി ഈ വസ്തുതകൾ നേരിൽകണ്ട് ബോദ്ധ്യപ്പെടുകയും 19-1-2005-ലെ റിപ്പോർട്ടിൽ വിശദമായി ചൂണ്ടിക്കാണിക്കുകയും ചെയ്തു. ആ സ്ഥലത്തെ താമസക്കാരായ സാധാരണ ജനങ്ങളുടെ ഭരണഘടനാപരമായി ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്ന ഈ അവസ്ഥയ്ക്ക് അടിയന്തിരപരിഹാരം ഉണ്ടാകണം. അവിടെ പഞ്ചായത്ത് ഭരണാധികാരികളും ജനങ്ങളും 28-2-2005 മുതൽ സമരത്തിലാണ്. 9-3-2005-ന് പഞ്ചായത്തിൽ ഹർത്താൽ നടത്താൻ പോവുകയാണ്. അതുകൊണ്ട് നിയമസഭാ സമിതി റിപ്പോർട്ടിൽ പറയുന്നതുപോലെ ജനവാസം കുറഞ്ഞ പ്രദേശത്തേക്ക് അത് മാറ്റി സ്ഥാപിക്കുന്നതിന് കോർപ്പറേഷന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ചെയ്തു കൊടുത്തുകൊണ്ട് കാടത്ത സ്വഭാവമുള്ള ഇന്നത്തെ ചണ്ടിനിക്ഷേപം അവസാനിപ്പിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. നാഷണൽ ഹൈവേയിലൂടെ സഞ്ചരിച്ച് ഫറോക്കിൽനിന്ന് കോഴിക്കോട് വഴി പോകുന്ന എല്ലാ ആളുകൾക്കും ഈ സഭയിൽ തന്നെയുള്ള എല്ലാ മെമ്പർമാർക്കും അനുഭവമുള്ളതാണ്. അവിടെ ശക്തമായ നാറ്റം സഹിക്കാൻ വയ്യാതായിട്ടുണ്ട്. അത് എങ്ങനെയെങ്കിലും അവസാനിപ്പിച്ച് ആ സ്ഥലത്തുനിന്നും അത് മാറ്റി കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, ശ്രീ. വി.കെ.സി. പറഞ്ഞത് വളരെ ശരിയായ ഒരു സംഗതിയാണ്. 1937 മുതൽ കോഴിക്കോട് കോർപ്പറേഷൻ Night soil depot ആയിട്ട് പ്രവർത്തിച്ചുവരുകയാണ്. പിന്നെ കേർപ്പറേഷനുണ്ടായ കാലം തൊട്ട് അത് trenching ground ആയിട്ട് പ്രവർത്തിക്കുകയാണ്. മാലിന്യ സംസ്ക്കരണത്തിനുവേണ്ടി എക്സൽ ഇൻഡസ്ട്രീസ് (ബോംബെ) യുമായിട്ട് ചേർന്ന് 300 ടൺ സംസ്ക്കരണശേഷിയുള്ള ഒരു solid waste management plant സ്ഥാപിച്ചിരുന്നു. 2000 വരെ അത് പ്രവർത്തിച്ചിരുന്നു. 2000-ന് ശേഷം Vincent Agro Tech (Private) Ltd. എന്ന കമ്പനിയാണ് ഇത് പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനുശേഷം ഇപ്പോൾ കേന്ദ്ര പരിസ്ഥിതി വനം വകുപ്പും കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡും കോഴിക്കോട് കോർപ്പറേഷനും സംയുക്തമായി ചേർന്നുകൊണ്ട് solid waste management സംവിധാനം ഉണ്ട്. 613 ലക്ഷം രൂപയാണ് അതിന് ചെലവ്. ആ പദ്ധതിയുടെ ഭാഗമായിട്ട് അവിടെ മേൽക്കൂര നിർമ്മിക്കുന്നതിനും പ്ലാന്റിന്റെ പരിസരത്ത് മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന sanitary land fill ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തികൾക്ക് ടെന്റർ വിളിച്ചിട്ടുണ്ട്. 24-2-2005-ലാണ് ടെന്റർ ലഭിച്ചിട്ടുള്ളത്. അത് പ്രകാരമുള്ള പ്രവർത്തികൾ 2005-ാമാണ്ടോടുകൂടി തന്നെ പൂർത്തീകരിക്കാൻ സാധിക്കും. വെള്ളത്തിന്റെ പ്രശ്നം ഇവിടെ പറഞ്ഞത് ശരിയാണ്. കോർപ്പറേഷന്റെ ചെലവിൽ ശുദ്ധജലം എത്തിക്കാനുള്ള സംവിധാനമുണ്ട്. പിന്നെ ഒരു greenbelt സ്ഥാപിക്കാൻവേണ്ടി 75.84 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ട്. അത് സംബന്ധിച്ച പ്രവർത്തികൾ 2005 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, ഇത് വേറൊരു സ്ഥലത്ത് കൊണ്ടുപോയി വയ്ക്കുന്നതിനുവേണ്ടി കോർപ്പറേഷനെ നിർബന്ധിക്കുകയാണ്. ഈ വേസ്റ്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള കോഴിക്കോട് കോർപ്പറേഷന്റെ പ്രൊപ്പോസൽ വരുകയാണെങ്കിൽ അതിന്റെ സാദ്ധ്യത നോക്കിയിട്ട് അത് പറയാം. ഏതായലും അത് വളരെ ഗൗരവമുള്ളതാണ്. ചെയ്യാൻ കഴിയുന്നതൊക്കെ ഗവൺമെന്റ് ചെയ്യുന്നതാണ്.

(2) ഫെബ്രുവരി 22-ാം തീയതിയിലെ ഹർത്താൽമൂലം എരുമേലിയിൽ ഒരാൾ മരണമടഞ്ഞ സംഭവം

ശ്രീ. ജോർജ് ജെ. മാത്യു : സർ, 22-2-2005-ൽ എരുമേലിയിൽ കനകപ്പലത്ത് മണ്ണകത്ത് ഡെയ്സി രാജു ചികിത്സ ലഭിക്കാതെ മരണമടയുകയുണ്ടായി. ചികിത്സ ലഭിക്കാത്തതിന്റെ പ്രധാന കാരണം, അന്നേദിവസം എരുമേലിയിൽ അനാവശ്യമായി ബന്ദ് നടക്കുകയുണ്ടായി. ബന്ദിന് ആസ്പദമായ കുടിവെള്ളപ്രശ്നം സംബന്ധിച്ച് തലേദിവസം തന്നെ പഞ്ചായത്ത് ഏകകണ്ഠമായിട്ട് തീരുമാനം എടുത്ത കാര്യമാണ്. അനാവശ്യമായി ബന്ദ് നടത്തിയ സമയത്ത് ഡെയ്സി രാജുവിന് ശ്വാസം മുട്ടൽ ഉണ്ടാകുകയും അവരുടെ ചികിത്സയ്ക്കായി വാഹനം വിളിക്കാൻ പല ആളുകളും പല വഴിക്ക് പോയെങ്കിലും ബന്ദ് കാരണം ഒരു വാഹനവും വരാൻ തയ്യാറായില്ല. അവസാനം മടുത്ത് ഡെയ്സിയുടെ സഹോദര പുത്രനായ ജോയി ഒരു മോട്ടോർ

LIBRARY ARCHIVES Kerala Legislative Assembly